**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 793** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജലവിഭവം സംരക്ഷിക്കുന്നതിനും ആസൂത്രിത ജലസംഭരണത്തിനും ജലനയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എ. ഡി. തോമസ്

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ജലസ്രോതസ്സുകളാൽ സമ്പന്നമായ സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും ഉപയോഗയോഗ്യമാക്കുന്നതിനും സമഗ്രമായ ഒരു ജലനയം ആവിഷ്കരിക്കാമോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** നിലവിലെ സംസ്ഥാന ജലനയം 2008-ൽ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ കേരളത്തിനെ ബാധിച്ച രൂക്ഷമായ ജലക്ഷാമം, കാലാവസ്ഥാ വ്യതിയാനം, ജലമലിനീകരണം, ജലസ്രോതസ്സുകളുടെ ശോഷണം എന്നിവയുടെ വെളിച്ചത്തിൽ കേരളത്തിലെ ജലവിഭവങ്ങളുടെ ശാസ്ത്രീയമായ വിനിയോഗം, പരിപാലനം, സംരക്ഷണം, സുസ്ഥിരമായ ജലവിനിയോഗം എന്നിവ ഉറപ്പാക്കുന്നതിനായി നിലവിലെ ജലനയം പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ നിലവിലെ ദേശീയ ജലനയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ സംസ്ഥാന ജലനയത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തേണ്ടതും ആവശ്യമാണ്. ഈ സാഹചര്യത്തിൽ നിലവിലെ ജലനയം പരിഷ്കരിക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് രൂപം നൽകി. ഇതുമായി ബന്ധപ്പെട്ട് ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ നിരവധി യോഗങ്ങൾ ചേരുകയും, യോഗത്തിൽ ഉരുത്തിരിഞ്ഞ് വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലും, വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, ജലവിഭവ മേഖലയിലെ വിദഗ്ധർ എന്നിവരിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും പുതുക്കിയ ജലനയത്തിന്റെ അന്തിമ കരട് തയ്യാറാക്കുകയും ആയതിന്മേൽ സ്റ്റേക്ക്ഹോൾഡർ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ അഭിപ്രായം തേടുകയും ചെയ്തിരിക്കുകയാണ്.

**(ബി)** ജലവിഭവം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

**<u>മറുപടി:</u>** ജലവിഭവം സംരക്ഷിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള കർമ്മപരിപാടികൾ **അനുബന്ധം എ** ആയി ചേർക്കുന്നു.

**(സി)** ജലസ്രോതസ്സുകളുടെ മലിനീകരണവും ജലത്തിന്റെ ദുർവിനിയോഗവും തടയുന്നതിന് എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ജലസ്രോതസ്സുകളുടെ മലിനീകരണവും ജലത്തിന്റെ ദുർവിനിയോഗവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ **അനുബന്ധം ബി** ആയി ചേർക്കുന്നു.

**(ഡി)** ചെറുതും വലുതുമായ ജലാശയങ്ങളുടെ സംരക്ഷണത്തിനും ആസൂത്രിതമായ ജലസംഭരണത്തിനും നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ആസൂത്രിതമായ ജലസംഭരണത്തിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:

- വേനൽക്കാലത്ത് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി, വേനലിന് മുന്നോടിയായി നദികളിലും തോടുകളിലും താൽക്കാലിക തടയണകൾ നിർമ്മിച്ച് ആസൂത്രിതമായി ജലം സംഭരിക്കുന്നു.

- വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പരിധിയിൽ വരുന്ന കുളങ്ങൾ, തടാകങ്ങൾ, നദികൾ എന്നിവയിലെ ഇൻടേക്ക് ഘടനകൾക്ക് ചുറ്റുമുള്ള ചെളിയും എക്കലും നീക്കം ചെയ്യുന്നുണ്ട്. അനധികൃത കയ്യേറ്റവും മാലിന്യ നിക്ഷേപവും തടയുന്നതിനായി സ്രോതസ്സുകൾക്ക് ചുറ്റും വേലി കെട്ടി സംരക്ഷിക്കുന്നുണ്ട്. സ്രോതസ്സുകളിലെ മാലിന്യനിക്ഷേപവും നിയമലംഘനങ്ങളും കർശനമായി തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, പോലീസ് എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

ജലസേചന വകുപ്പിൽ വലിയ ഡാമുകളിലും ജലസംഭരണികളിലും അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്ന ഡി-സിൽറ്റിങ് പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നുണ്ട്. മൈനർ ഇറിഗേഷൻ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഗ്രാമീണ മേഖലകളിലെ പൊതുകുളങ്ങൾ ആഴം കൂട്ടി വശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം, തോടുകളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ആഴം കൂട്ടുകയും അവയ്ക്ക് കുറുകെ ചെക്ക് ഡാമുകളും വി.സി.ബി.കളും (VCB) നിർമ്മിക്കുകയും ചെയ്യുന്നു. കൂടാതെ, പ്രധാന ജലസേചന കനാൽ ശൃംഖലകൾ പുനരുദ്ധരിച്ച് കൃഷിയിടങ്ങളിലേക്ക് തടസ്സമില്ലാതെ വെള്ളമെത്തിക്കാനും, ചിറകൾക്കും കുളങ്ങൾക്കും സംരക്ഷണഭിത്തികളും വിതരണികളും നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ വഴി ജലസ്രോതസ്സുകളുടെ യഥാർത്ഥ സംഭരണശേഷി വീണ്ടെടുക്കാനും, വെള്ളപ്പൊക്കവും അനുബന്ധ കെടുതികളും നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. തോടുകളിലും കനാലുകളിലും വെള്ളം തടഞ്ഞുനിർത്തുന്നതിലൂടെ പ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് ഉയരുകയും മെച്ചപ്പെട്ട കൃഷിപ്രവൃത്തികൾക്ക് വഴിയൊരുങ്ങുകയും ചെയ്യുന്നു.

ഭൂജല വകുപ്പ് ചെറിയ കുളങ്ങളുടെ നവീകരണം ഫീസിബിലിറ്റി പഠനങ്ങൾക്ക് വിധേയമായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

ഹരിത കേരളം മിഷന്റെ ഏകോപനത്തിൽ സംസ്ഥാനത്തൊട്ടാകെ നീർച്ചാലുകളും പുഴകളും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ 48956 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. 56442.31 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകളും 4459 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. പുതിയതായി 6143 കുളങ്ങളും 20336 കിണറുകളും 1039 സ്ഥിരം തടയിണകളും 88580 താൽകാലിക തടയിണകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 10944 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളിലെ ജലത്തിന്റെയും ഭൂജലത്തിന്റെയും ഗുണനിലവാരം വർദ്ധിപ്പിക്കാൻ ഈ പ്രവർത്തനം വലിയ അളവിൽ സഹായിച്ചിട്ടുണ്ട്.

ജലാശയങ്ങളുടെ സംരക്ഷണത്തിനായി 2026-27 സാമ്പത്തിക വർഷത്തിലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലാശയങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം എ

## കേരള ജല അതോറിറ്റി

കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ ജലസ്രോതസ്സുകളുടെ ദീർഘകാല സ്ഥിരത ഉറപ്പാക്കാറുണ്ട്. കൂടാതെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ജലനഷ്ടം കുറക്കുന്നതിനും പഴകിയതും കേടുവന്നതുമായ പൈപ്പുകൾ അടിയന്തിരമായി മാറ്റിസ്ഥാപിക്കുന്നുണ്ട്. കൂടാതെ പൈപ്പ് ലൈൻ ചോർച്ചകൾ പരമാവധി സമയബന്ധിതമായി പരിഹരിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. അതോടൊപ്പം കുടിവെള്ളം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സാധ്യമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

## ജലസേചനവും ഭരണവും

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ വീണ്ടെടുക്കുന്നതിനും ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനുമായി ഹരിതകേരളം മിഷന്റെ 'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയിലൂടെ ജനപങ്കാളിത്തത്തോടെ തോടുകളും പുഴകളും കുളങ്ങളും പുനരുജ്ജീവിപ്പിച്ചു .ഇതിന്റെ ഭാഗമായി മഴവെള്ള സംഭരണവും കിണർ റീചാർജിങ് പദ്ധതികളും വ്യാപകമാക്കുന്നതിനൊപ്പം, മലയോര-ഇടനാട് മേഖലകളിൽ ജലമൊഴുക്കിന്റെ വേഗത കുറയ്ക്കാനും മണ്ണൊലിപ്പ് തടയാനും ചെക്ക് ഡാമുകൾ, സബ്സർഫേസ് ഡൈക്കുകൾ എന്നിവ പരമ്പരയായി നിർമ്മിക്കുന്നുണ്ട്. പാടശേഖരങ്ങളും തണ്ണീർത്തടങ്ങളും സ്വാഭാവിക ജലസംഭരണികളായി നിലനിർത്താൻ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനൊപ്പം, തോടുകളുടെ സംരക്ഷണം, മാലിന്യനിക്ഷേപം തടയൽ, കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ, കൈവഴികളിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കൽ എന്നിവയും കാര്യക്ഷമമായി നടപ്പിലാക്കുന്നു. മലിനീകരിക്കപ്പെട്ട ജലസ്രോതസ്സുകളിൽ നിന്ന് ചെളിയും പായലും നീക്കം ചെയ്യുന്നതിനും, നിലവിലുള്ള റെഗുലേറ്ററുകൾ, ചെക്ക് ഡാമുകൾ, വി.സി.ബി.കൾ (VCB), റിസർവോയറുകൾ എന്നിവയുടെ ജലസംഭരണശേഷി നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നിരന്തരമായി നടത്തിവരുന്നു.

## ഭൂജല വകുപ്പ്

ഭൂജല വിഭവ സംരക്ഷണത്തിന്റെ ഭാഗമായി ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്തു ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഭൂജല വിതാനത്തിലുണ്ടാകുന്ന കുറവ്, അമിത ജലചൂഷണം എന്നിവ തടയുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും ഈ പദ്ധതിയിലൂടെ തുറന്ന കിണർ, കുഴൽക്കിണർ, റീചാർജ്ജ് പിറ്റ് എന്നിവ വഴിയുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങളും ചെറിയ തടയണകളുടെ നിർമ്മാണവും ചെറിയ കുളങ്ങളുടെ

പുനരുജ്ജീവനവും/പുനരുദ്ധാരണവും എന്നീ പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഇത്തരം ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതു സ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ ഗാർഹിക / പ്രൈവറ്റ് സ്ഥാപനങ്ങളിലെ കുഴൽ കിണറുകൾ ഫീസിബിലിറ്റി പഠനം നടത്തി സർക്കാർ സബ്സിഡിയോടു കൂടി തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

ഭൂജല ഉപഭോഗത്തിന്റെ, നിയന്ത്രണത്തിനും ക്രമീകരണത്തിനും വേണ്ടി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 ന്റെ ഫലപ്രദമായ നടപ്പിലാക്കൽ ഭൂജല വിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട നടപ്പിലാക്കി വരുന്നു. ആക്ടിന് കീഴിൽ ഭൂജലത്തിന്റെ ദുർവിനിയോഗം തടയുക, പമ്പ് ചെയ്യുന്ന കിണറുകളുടെയും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശത്തെ കുഴൽക്കിണറുകളുടെയും രജിസ്ട്രേഷൻ നടത്തുക, പുതിയ കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുക എന്നിവ ചെയ്തുവരുന്നു. കൂടാതെ സ്വകാര്യ കുഴൽക്കിണർ ഏജൻസികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തലും ഭൂജലം ഉപയോഗിച്ചുള്ള വ്യവസായ/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് എൻ.ഒ.സി (NOC) നൽകലും നടപ്പിലാക്കി വരുന്നു . ഇതിനോടൊപ്പം കേരളത്തിലെ ക്രിട്ടിക്കൽ ബ്ലോക്കുകളിലേയും സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലേയും ജലചൂഷണം പരിശോധിക്കുക,പൊതുജനങ്ങൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായി അവബോധം സൃഷ്ടിക്കാനായി ബോധവത്ക്കരണ സെമിനാറുകളും പ്രദർശനമേളകളും സംഘടിപ്പിക്കൽ എന്നിവയും ഭൂജലത്തിന്റെ നിയന്ത്രണവും , ക്രമീകരണവും പദ്ധതിയിൽ നടപ്പിലാക്കി വരുന്നു .

## നവകേരളം കർമ്മപദ്ധതി

ജലവിഭവ മാനേജ്മെന്റിന്റെ ഭാഗമായി ഹരിതകേരളം മിഷൻ ജലബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും വിലയിരുത്താൻ ഉപയോഗിക്കാവുന്ന ശാസ്ത്രീയ ഉപാധിയാണ് ജലബജറ്റ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും ജലബജറ്റ് പ്രവർത്തനം പൂർത്തീകരിച്ചു. ഇതിൽ 609 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ (2026 മാർച്ച് വരെ) ജലബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്. 10 ദിവസം വരുന്ന ഓരോ ചെറുകാലയളവിലും ഒരു പ്രദേശത്ത് ആകെ ലഭ്യമാകുന്ന ജലത്തിന്റെ അളവും ആ കാലയളവിൽ ആ പ്രദേശത്ത് ആകെയുണ്ടാകുന്ന ജല ആവശ്യവും താരതമ്യം ചെയ്ത് ജലകമ്മിയാണോ ജലമിച്ചമാണോ ആ കാലയളവിൽ അനുഭവപ്പെടുന്നതെന്ന് ജലബജറ്റിലൂടെ

കണ്ടെത്താനാകും. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഈ ജലബജറ്റിനെ അടിസ്ഥാനമാക്കി ജലമേഖലയിലെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ശരിയായ ജലോപയോഗ ശീലം വളർത്തുന്നതുൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും.

സംസ്ഥാനത്ത് പല പ്രദേശങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. സംസ്ഥാനത്തെ ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിൽ വലിയതോതിൽ ശേഖരിക്കപ്പെട്ടിട്ടുള്ള വെള്ളം ജലസേചനത്തിനായി ഉപയോഗിക്കുന്നതിന്റെ സാധ്യത ഹരിതകേരളം മിഷൻ മുന്നോട്ട് വച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരിക്കപ്പെട്ട ജലം, സോളാർ പാനലുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന വൈദ്യുതി പ്രയോജനപ്പെടുത്തി പമ്പ് ചെയ്ത് കൃഷിയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയ്ക്കാണ് രൂപം കൊടുത്തത്. ഇതിന്റെ ആദ്യഘട്ടമായി കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളകോട് പ്രദേശത്തെ വിശാലമായ പാറക്വാറിയിലെ ജലം സോളാർ പമ്പുകൾ സ്ഥാപിച്ച് കൃഷിയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി വളരെ വിജയകരമായി പൂർത്തിയാക്കാനായി. അനെർട്ടിന്റെ സാങ്കേതിക പിന്തുണയോടെ നടപ്പിലാക്കിയ ഈ പദ്ധതി ജലക്ഷാമം അനുഭവപ്പെടുന്ന 5 വാർഡുകളിലെ കൃഷിയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നു. ഏകദേശം 40 ഏക്കർ നെൽവയലുകളും മറ്റ് കരഭൂമിയും തടസ്സം കൂടാതെ കൃഷിയോഗ്യമാക്കുന്നതിന് ഇതുമൂലം സാധിച്ചു.

കേന്ദ്ര ഭൂജല ബോർഡ് ഭൂജല ഉപയോഗം കണക്കിലെടുത്ത് സംസ്ഥാനത്തെ 3 ബ്ലോക്കുകളെ ക്രിട്ടിക്കൽ ബ്ലോക്കുകളായും 30 ബ്ലോക്കുകളെ സെമി-ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ടെത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഈ ബ്ലോക്കുകളിൽ ഭൂജല നിരപ്പ് ഉയർത്താൻ സഹായിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായിട്ടുണ്ട്. ക്രിട്ടിക്കൽ സെമി-ക്രിട്ടിക്കൽ ബ്ലോക്കുകളിൽ പ്രത്യേക പരിഗണന കൊടുത്ത് പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി കുളങ്ങളുടെ പുനരുജ്ജീവനം, കുളങ്ങളുടെ നിർമാണം, കിണർ റീചാർജ്ജിംഗ്, നീർച്ചാൽ പുനരുജ്ജീവനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണ രംഗത്തെ ഇടപെടൽ മലിനീകരണം കുറയ്ക്കാനും ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

**<u>ജലനിധി</u>**

കെ.ആർ.ഡബ്ല്യ.എസ്സ്.എ യുടെ നേതൃത്വത്തിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും എന്ന ശീർഷകത്തിൽ മഴവെള്ള സംഭരണ, ഭൂജല പരിപോഷണ പ്രവൃത്തികൾ തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. മഴക്കാലത്ത് സംഭരണികളിൽ

അധികമായി എത്തുന്ന  മഴവെള്ളം ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു.  വേനൽ മാസങ്ങളിൽ മഴക്കാലത്ത് സംഭരിച്ച് സൂക്ഷിച്ചു വയ്ക്കുന്ന മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീ ചാർജ്ജ് ചെയ്തും, കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പുനരുദ്ധരിച്ച് സ്ഥായിയായ ജലസ്രോതസ്സുകളാക്കി  മാറ്റിയും  ജല വിതാനത്തെ മെച്ചപ്പെടുത്തുന്നതിനു  സാധിക്കുന്നു .

കിണർ റീചാർജ്ജ് & ആൾ മറ നിർമ്മാണം എന്ന ശീർഷകത്തിൽ  കിണറുകളിൽ റീചാർജ്ജ് പ്രവൃത്തികളും, മലിനജല സംസ്കരണ പ്ലാന്റ്, ഗാർഹിക കിണറുകളെ സുരക്ഷിതമായ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്ന പദ്ധതി, ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പ് വരുത്തുന്ന ജലാശയങ്ങളുടെ പുനരുജ്ജീവനം പദ്ധതി, ജല ഗുണനിലവാര നിരീക്ഷണം, മലിനജല സംസ്കരണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

## അനുബന്ധം ബി

## കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റിയുടെ ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ ഏതെങ്കിലും വിധത്തിലുള്ള അതിക്രമങ്ങളുടെയോ ഇടപെടലുകളുടെയോ ഫലമായി മലിനമായാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള പോലീസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തിര ഇടപെടൽ നടത്താറുണ്ട്.
മലിനജലം ജലസ്രോതസ്സുകളിലേക്ക് ഒഴുക്കിവിടുന്നത് ശാസ്ത്രീയമായി തടയുന്നതിന്റെ ഭാഗമായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയുടെ ശൃംഖല വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടിവെള്ളത്തിന്റെ മോഷണം, നിയമവിരുദ്ധമായ കണക്ഷനുകൾ, മറ്റ് ജലദുർവിനിയോഗങ്ങൾ എന്നിവ കണ്ടെത്താനും കർശനമായ നിയമനടപടികൾ സ്വീകരിക്കാനുമായി അതോറിറ്റിയുടെ കീഴിൽ പ്രത്യേക ആന്റി-തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തിവരുന്നു.
വിതരണ പൈപ്പുകളിലെ ചോർച്ച മൂലം ജലം പാഴായിപ്പോകുന്നത് തടയുന്നതിനായി പഴകിയതും കേടുവന്നതുമായ പൈപ്പുകൾ മാറ്റി പുതിയ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നു. കൂടാതെ പൈപ്പ് പൊട്ടലുകളും ചോർച്ചയും സമയബന്ധിതമായി പരിഹരിക്കുവാൻ പരമാവധി ശ്രമിക്കുന്നുണ്ട്.
ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജല ദുർവിനിയോഗം ഒഴിവാക്കേണ്ടതിനെക്കുറിച്ചും സാധ്യമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

## ജലനിധി.

ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്. കിണർ റീചാർജ്ജ് & ആൾമറ നിർമ്മാണം എന്ന ശീർഷകത്തിൽ കിണറുകളിൽ റീചാർജ്ജ് പ്രവൃത്തികളും ജല മലിനീകരണം തടയുന്നതിനായി തുറന്ന കിണറുകൾക്ക് ആൾമറകൾ നിർമ്മിച്ചു നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ജലത്തിന്റെ ദുർവിനിയോഗം തടയുന്നതിനായി ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനും ജലസ്രോതസ്സുകളെ സുരക്ഷിതമാക്കുക, ജല ദുരുപയോഗം, ജല മലിനീകരണം തടയുക എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ക്ലബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വ്യാപകമായി സർക്കാർ/ എയിഡഡ് സ്കൂളുകളിൽ ജലശ്രീ ക്ലബുകൾ രൂപീകരിച്ച് കുട്ടികളിലും മാതാപിതാക്കളിലും ജല സാക്ഷരത, ജല സംരക്ഷണം തുടങ്ങിയ

വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരിപാടികളിലൂടെ ജലത്തിന്റെ മൂല്യത്തെക്കുറിച്ചും ദുരുപയോഗം തടയുന്നതിനെക്കുറിച്ചും മലിനീകരണ സാധ്യതകൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും റോഡ്ഷോകൾ, കിറ്റിഷോ, ശില്പശാലകൾ, ഉപന്യാസമത്സരങ്ങൾ, ഷോർട്ട് ഫിലിം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയുടെയും ജലജീവൻ മിഷൻ പദ്ധതിയുടെയും ഭാഗമായി ജല മലിനീകരണം തടയുന്നതിന് പരിശീലനം നൽകിയ കുടുംബശ്രീ അംഗങ്ങൾ, യൂത്ത് ക്ലബുകൾ, ജലശ്രീ ക്ലബുകൾ, മറ്റ് സാമൂഹിക സമിതികൾ മുഖേന ജല മലിനീകരണതോത് ജനങ്ങളെയും ഗുണഭോക്തൃ സമിതി അംഗങ്ങളെയും അറിയിച്ച് ബോധവല്കരണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്.

**<u>ജലസേചനവും ഭരണവും</u>**

ജലസ്രോതസ്സുകളുടെ മലിനീകരണം, കൈയേറ്റം, ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ലഭിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ കൃത്യമായ അന്വേഷണം നടത്തി, കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് 2003-ലെ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

മലിനീകരണം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ജലസ്രോതസ്സുകൾക്ക് സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും, കുറ്റക്കാർക്ക് നോട്ടീസ് നൽകുകയും, ബന്ധപ്പെട്ട S.H.O-യ്ക്ക് പരാതി നൽകി നിയമനടപടികൾ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും പുഴകളിലെ വാട്ടർ ക്വാളിറ്റി ടെസ്റ്റ് നടത്തി ഫലം ലഭ്യമാക്കുന്നുണ്ട്. ഈ പരിശോധനയിലൂടെ മലിനീകരണം ബോധ്യപ്പെടുന്ന ഭാഗങ്ങളിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഔദ്യോഗികമായി കത്ത് നൽകുകയും, മലിനീകരണ പ്രവൃത്തികൾ തടയുന്നതിനായി പ്രത്യേക ACTION PLAN തയ്യാറാക്കി നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു. ഇതിനൊപ്പം തന്നെ ജലസംരക്ഷണവും കാര്യക്ഷമമായ വിനിയോഗവും ലക്ഷ്യമിട്ട് സ്മാർട്ട് ഇറിഗേഷൻ (Smart Irrigation) രീതികളും പ്രോത്സാഹിപ്പിച്ചു വരുന്നു

**<u>ഭൂജല വകുപ്പ്</u>**

ഭൂജലത്തിന്റെ ദുർവിനിയോഗവും ചൂഷണവും നിയന്ത്രിക്കുന്നതിനായി സംസ്ഥാന ഭൂജല വകുപ്പ് / സംസ്ഥാന ഭൂജല അതോറിറ്റി (SGWA) മുഖേന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിന്റെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിവിധ നിയന്ത്രണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയുടെ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ദുർവിനിയോഗം തടയുന്നതിനുമായി സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുണ്ട്. ഭൂജല ഉപയോഗം നിരീക്ഷിക്കുന്നതിനായി ടെലിമെട്രി

അധിഷ്ഠിത tamper-proof ഡിജിറ്റൽ ഫ്ലോ മീറ്ററുകളും ഭൂജല സംരക്ഷണം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയമായി മഴവെള്ള സംഭരണം, കൃത്രിമ ഭൂജല സംപോഷണം (റീചാർജ്ജ് പിറ്റ് , recharge wells മുതലായവ) എന്നിവ NOC വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ഭൂജല മലിനീകരണം തടയുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് (PCB) നിബന്ധനകൾ പ്രകാരം ആവശ്യമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ (STP) സ്ഥാപിക്കേണ്ടതും NOC വ്യവസ്ഥകളുടെ ഭാഗമായി നിഷ്കർഷിച്ചിട്ടുണ്ട്. NOC വ്യവസ്ഥകളുടെ പാലനം സംബന്ധിച്ച് ലംഘനങ്ങൾ കണ്ടെത്തുന്ന സാഹചര്യത്തിൽ നോട്ടീസുകൾ, സ്റ്റോപ്പ് മെമ്മോകൾ, NOC റദ്ദാക്കൽ തുടങ്ങിയ നടപടികളും സ്വീകരിക്കുന്നു.

## നവകേരളം കർമ്മപദ്ധതി

ജലമലിനീകരണം പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 50,43,263 കിണറുകളിൽ 2025 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ക്ലോറിനേഷൻ നടത്തിയിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം എന്ന ജലജന്യ രോഗം പ്രതിരോധിക്കുന്നതിന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ 'ജലമാണ് ജീവൻ' എന്ന ക്യാമ്പയിന്റെ ഭാഗമായാണ് ഈ പ്രവർത്തനം നടത്തിയത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്താകെ 12782 ക്ലാസുകളിൽക്കൂടി 17,26,104 ആളുകൾക്ക് ജലജന്യ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ബോധവത്ക്കരണം നടത്തി.